**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 805 — 12-6-2013-ൽ മറുപടിക്ക്

**വീടുകളിലും കെട്ടിടങ്ങളിലും മഴവെള്ള സംഭരണി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്.<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി.<br>ശ്രീ. ബെന്നി ബെഹനാൻ.<br>ശ്രീ. ജോസഫ് വാഴക്കൻ. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പുതുതായി നിർമ്മിക്കുന്ന വീടുകളിലും കെട്ടിടങ്ങളിലും മഴവെള്ള സംഭരണി നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;<br>(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്; | (എ) (ബി) യും പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി നിർബന്ധമാക്കിക്കൊണ്ടുള്ള വ്യവസ്ഥകൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 101 -ലും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 109 എ-യിലും ചേർത്തിട്ടുണ്ട്. ഓല മേഞ്ഞ കെട്ടിടങ്ങൾക്കും ഏക കുടുംബ വാസഗൃഹവിഭാഗം കെട്ടിടങ്ങൾക്കും അവയയുടെ മൊത്തം തറവിസ്തീർണ്ണം 150 sq.mts വരെയും അവയുടെ കെട്ടിടഭൂമിയുടെ മൊത്തവിസ്തീർണ്ണം 320 sq.mts. വരെയുമാകുന്നവയ്ക്കും മഴവെള്ള സംഭരണ സംവിധാനങ്ങൾ നിർബന്ധമല്ല. |
| (സി) എത്ര വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്കും വീടുകൾക്കുമാണ് സംഭരണി നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) ഫ്ലാറ്റുകളും 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളും നിർമ്മിക്കുമ്പോൾ നിശ്ചിത കപ്പാസിറ്റിയുള്ള മഴവെള്ള സംഭരണി നിർബന്ധമാക്കിക്കൊണ്ട് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പുതിയ കെട്ടിടങ്ങൾക്കൊപ്പം പഴയ കെട്ടിടങ്ങളിൽ കൂടി മഴവെള്ള സംഭരണി നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | നിലവിലുള്ള ഫ്ലാറ്റുകൾക്കും വീടുകൾക്കും കെട്ടിടങ്ങൾക്കും കൂടി മഴവെള്ള സംഭരണി ബാധകമാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ